A

शिक्षा का अधिकार
सर्व शिक्षा अभियान
सब पढ़ें सब बढ़ें

8001

# വാർഷിക മൂല്യനിർണയം 2017-18

## ആരോഗ്യ കായിക വിദ്യാഭ്യാസം, കലാവിദ്യാഭ്യാസം, പ്രവൃത്തിപഠനം

ക്ലാസ്സ് - VIII

സമയം: 2 മണിക്കൂർ
ആകെ സ്കോർ : 45

---

**പൊതു നിർദ്ദേശങ്ങൾ**

- ആരോഗ്യ കായിക വിദ്യാഭ്യാസം, കലാവിദ്യാഭ്യാസം, പ്രവൃത്തിപഠനം എന്നീ വിഷയങ്ങളെ 3 വിഭാഗങ്ങളായിട്ടാണ് ചോദ്യപേപ്പറിൽ ക്രമീകരിച്ചിട്ടുള്ളത്.
- ഓരോ വിഭാഗത്തിനും 15 സ്കോർ വീതം. സമാശ്വാസ സമയം 15 മിനിട്ടാണ്.
- മൂന്ന് വിഭാഗത്തിന്റേയും ഉത്തരങ്ങൾ പ്രത്യേകം പേപ്പറിൽ എഴുതി നൽകേണ്ടതാണ്. അവയിലെല്ലാം വിഷയം, പേര്, ക്ലാസ്, റോൾനമ്പർ എന്നീ വിവരങ്ങൾ രേഖപ്പെടുത്തണം.

---

## ആരോഗ്യ കായിക വിദ്യാഭ്യാസം

സമയം : 40 മിനിട്ട്
സ്കോർ : 15

**1 മുതൽ 4 വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക, ശരിയുത്തരത്തിന് 1 സ്കോർ വീതം.** (4 X 1 =4)

1. സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ രൂപീകൃതമായ വർഷം ഏത്?
(1984 , 1985 , 1986 , 1987 )
2. സംസ്ഥാന കായികദിനമായ ഒക്ടോബർ 13 ആരുടെ ജന്മദിനമാണ് ?
(മേജർ ധ്യാൻചന്ദ് , കേണൽ ഗോദവർമരാജ , മിൽഖ സിങ് , ജിമ്മി ജോർജ് )
3. ഗുസ്തി പ്രോത്സാഹിപ്പിക്കുന്നതിനായി ആരംഭിച്ച സ്ഥാപനം ഏത് പേരിലറിയപ്പെടുന്നു?
(കേരളാ സംസ്ഥാന സ്പോർട്സ് കൗൺസിൽ , സ്പോർട്സ് അക്കാദമികൾ, അഖാരകൾ, എൻ.എസ്.ടി.സി )
4. ചുവടെ കൊടുത്തിരിക്കുന്നതിൽ ചലനരഹിത സന്ധിക്ക് ഉദാഹരണം കണ്ടെത്തുക ?
(കൈമുട്ടിലെ സന്ധി , നട്ടെല്ലിലെ സന്ധി , ഇടുപ്പ് സന്ധി , തലയോട്ടിയിലെ സന്ധി)

**5 മുതൽ 9 വരെയുള്ള ചോദ്യങ്ങൾക്ക് ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. ശരിയുത്തരത്തിനു 2 സ്കോർ വീതം.** (4 X 2 = 8)

5. അപകടത്തിൽപ്പെട്ട് ബോധരഹിതനായ ആൾ ശ്വസിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്ന രീതികൾ ഏതെല്ലാം?

6. ചേരുംപടി ചേർക്കുക.

| | |
|---|---|
| i) ഫുട്ബോൾ അക്കാദമി | a) ഡോ.കർണിസിങ് ഷൂട്ടിംഗ് റേഞ്ച് |
| ii) സൈക്ലിംഗ് അക്കാദമി | b) ഡോ. ശ്യാമപ്രസാദ് മുഖർജി സ്വിമ്മിങ് പൂൾ |
| iii) നീന്തൽ അക്കാദമി | c) ഇന്ദിരഗാന്ധി സ്പോർട്സ് കോംപ്ലക്സ് |
| iv) ഷൂട്ടിങ് അക്കാദമി | d) ജവഹർലാൽ നെഹ്റു സ്റ്റേഡിയം കോംപ്ലക്സ് |

7. അസ്ഥിവ്യവസ്ഥയുടെ പ്രധാന ധർമ്മങ്ങൾ എന്തെല്ലാം?

8. താഴെ കൊടുത്തിരിക്കുന്ന ചിത്രത്തിൽ കളിക്കളത്തിൽ വീണുകിടക്കുന്ന കളിക്കാരനെ എഴുന്നേൽക്കാൻ സഹായിക്കുന്ന എതിർ ടീമംഗം പാലിച്ച മര്യാദകൾ എന്തെല്ലാം?



9. മികച്ച മത്സരങ്ങൾ ഉണ്ടാകണമെങ്കിൽ എന്തെല്ലാം കാര്യങ്ങൾ പരിഗണിക്കണം?

**10,11 ചോദ്യങ്ങൾക്ക് ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരമെഴുതുക. ശരിയുത്തരത്തിനു 3 സ്കോർ.** (1 X 3 = 3)

10. സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ ലക്ഷ്യങ്ങൾ എന്തെല്ലാം ?

11. ഒരു നല്ല കളിസ്ഥലത്ത് ഉണ്ടായിരിക്കേണ്ട സജ്ജീകരണങ്ങൾ എന്തെല്ലാം?

---

## കലാവിദ്യാഭ്യാസം

സമയം: 40 മിനിട്ട്
സ്കോർ: 15

**1 മുതൽ 4 വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. ശരിയുത്തരത്തിന് ഒരു സ്കോർ വീതം.** (4 X 1 = 4)

1. ഹാസ്യരൂപത്തിൽ അവതരിപ്പിക്കുന്ന കേരളീയ കലാരൂപം?
(ചവിട്ടുനാടകം, യക്ഷഗാനം, ഓട്ടൻതുള്ളൽ, മോഹിനിയാട്ടം)

2 ചിത്രം വരച്ച് ഷെയ്ഡ് ചെയ്യുമ്പോൾ ഏറ്റവും കടുപ്പം കൂടിയ രേഖകൾ വരയ്ക്കാൻ ഏത് പെൻസിലാണ് ഉപയോഗിക്കേണ്ടത്?
(HB, 2B, 6H, 10B)

3. വേഷഭൂഷാദികളിലൂടെ കഥാപാത്രത്തിന്റെ സ്വഭാവം മനസ്സിലാകുന്നത് ഏത് അഭിനയ രീതിയിലൂടെയാണ്?
(ആംഗികം, വാചികം, സാത്വികം, ആഹാര്യം)

4. നാട്യശാസ്ത്രം എന്ന ഗ്രന്ഥം രചിച്ചതാര്?
(കാളിദാസൻ, ഭരതമുനി, വിഷ്ണു ശർമ്മ, ഭാസൻ)

**സംഗീതം, ചിത്രകല, നൃത്തം, നാടകം എന്നീ മേഖലകളിൽനിന്നാണ് 5 മുതൽ 12 വരെയുള്ള ചോദ്യങ്ങൾ. ഏതെങ്കിലും രണ്ടെണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 3 സ്കോർ വീതം.** **(2 X 3 = 6)**

5. നാടൻ കലാരൂപങ്ങളിൽ ഉപയോഗിക്കുന്ന മൂന്നു താളവാദ്യങ്ങളുടെ പേരെഴുതുക ?
6. പരമ്പരാഗത കേരളീയ ചുവർചിത്ര രചനാസമ്പ്രദായത്തിൽ ഉപയോഗിക്കുന്ന പഞ്ചവർണ്ണങ്ങൾ ഏതൊക്കെയാണ്?
7. ചുവടെ കൊടുത്തിട്ടുള്ള സന്ദർഭങ്ങളിൽ നർത്തകരുടെ മുഖത്ത് ഏതു ഭാവമായിരിക്കും സ്ഫുരിക്കുന്നത്?

   ഉദാഹരണം : പൂ വിരിയുന്നത് കാണിക്കുന്നു - ശൃംഗാരം

   a) എനിക്ക് പേടിയാവുന്നു - ..................................

   b) ഈ വൃത്തികെട്ട മണം സഹിക്കാൻ വയ്യ - .....................

   c) ഞാൻ ജയിച്ചു -..................................
8. തിരക്കു പിടിച്ച ഒരു ഉത്സവപ്പറമ്പിന്റെ സിനിമാദൃശ്യത്തിനായി നിങ്ങൾ ഏതെല്ലാം ദൃശ്യഭാഗങ്ങൾ (Shots) ചിത്രീകരിക്കും?
9. കുട്ടനാടൻ , ആറന്മുള എന്നീ ശൈലികളിലുള്ള വഞ്ചിപ്പാട്ടിന്റെ ഏതെങ്കിലും ഒന്നിന്റെ വായ്ത്താരി എഴുതുക?
10. കമ്പ്യൂട്ടറിൽ ജിമ്പ് (GIMP) ഉപയോഗിച്ച് ചിത്രം വരയ്ക്കുമ്പോഴുള്ള സൗകര്യങ്ങളിൽ മൂന്നെണ്ണം എഴുതുക.
11. അഭിനയത്തിന് ഏറെ സഹായകരമാകുന്നവയാണ് നവരസങ്ങൾ.ഇതിൽ ചിലത് ചുവടെ ചേർക്കുന്നു. മറ്റുള്ളവ കൂടി ചേർത്ത് പൂർത്തിയാക്കുക.

    ശൃംഗാരം, ബീഭത്സം, ഹാസ്യം, ............................., .........................................

    ............................., .............................., ................................, ..............................
12. ഒരു ചലച്ചിത്രത്തിന്റെ ആസ്വാദനക്കുറിപ്പ് തയ്യാറാക്കാൻ അതിന്റെ ഏതെല്ലാം ഘടകങ്ങൾ പരിഗണിക്കും.?

**13 മുതൽ 16 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് ഉത്തരമെഴുതുക. ശരിയുത്തരത്തിന് 5 സ്കോർ.** **(1 X 5 = 5)**

13. ചേരുംപടി ചേർക്കുക.

| | | |
|---|---|---|
| (i) സ | - | (a) പഞ്ചമം |
| (ii) രി | - | (b) നിഷാദം |
| (iii) ഗ | - | (c) ഋഷഭം |
| (iv) പ | - | (d) ഷഡ്ജം |
| (v) നി | - | (e) ഗാന്ധാരം |

14. എടയ്ക്കൽ ഗുഹാചിത്രങ്ങളെക്കുറിച്ച് നിങ്ങൾക്കറിയാവുന്ന വിവരങ്ങൾ എഴുതുക.
15. ഒരു ഗാനം നൃത്താവിഷ്ക്കാരം നടത്തുന്നതിനുള്ള ഏതെങ്കിലും അഞ്ച് ഘട്ടങ്ങൾ എഴുതുക.
16. കൊടും വരൾച്ച അനുഭവിക്കുന്ന ഒരു ഗ്രാമപ്രദേശത്ത് മഴപെയ്യുമ്പോഴുണ്ടാകുന്ന മാറ്റം ഒരു ലഘു ചലച്ചിത്രമായി ആവിഷ്കരിക്കുന്നതിന് അനുയോജ്യമായ ദൃശ്യ സൂചനകൾ ക്രമമായി എഴുതുക.

സമയം: 40 മിനിട്ട്
*സ്കോർ: 15*

## പ്രവൃത്തിപഠനം

**1 മുതൽ 4 വരെയുള്ള ചോദ്യങ്ങൾക്ക് ബ്രാക്കറ്റിൽ നിന്ന് ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക. ശരിയുത്തരത്തിന് ഒരു സ്കോർ വീതം.**
**സ്കോർ (4 X 1 = 4 )**

1) ഫാബ്രിക്ക് പെയിന്റിംഗിൽ ചുവപ്പും മഞ്ഞയും ചേർത്താൽ കിട്ടുന്ന നിറം ഏത്?
(റോസ്, ഓറഞ്ച്, ഇളം മഞ്ഞ, നീല )
2) എംബ്രോയിഡറി പൂക്കൾ തയ്ക്കുമ്പോൾ പൂമ്പൊടി തയ്ക്കുവാൻ ഉപയോഗിക്കുന്ന തയ്യൽ ഏത്?
(റണ്ണിംഗ് സ്റ്റിച്ച്, ഹെമ്മിംഗ് സ്റ്റിച്ച്, ഫ്രഞ്ച് നോട്ട്, സാറ്റിൻ സ്റ്റിച്ച് )
3) കമ്പിളി വസ്ത്രങ്ങൾ നിർമ്മിക്കുന്നത് ഏത് ജീവിയുടെ രോമം ഉപയോഗിച്ചാണ്?
(പട്ടുനൂൽപുഴു, കസ്തൂരിമാൻ, സിംഹം, ചെമ്മരിയാട് )
4) പേപ്പർ മുറിക്കാതെ മടക്കുകൾ ഉപയോഗിച്ച് രൂപങ്ങൾ നിർമ്മിക്കുന്നതിന് പറയുന്ന പേര് എന്ത്?
(ഒറിഗാമി, പേപ്പർക്രാഫ്റ്റ്, കിറിഗാമി, ക്രേപ്പ്പേപ്പർ വർക്ക്)

**5 മുതൽ 8 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് ഉത്തരം എഴുതുക. ശരിയുത്തരത്തിന് 2 സ്കോർ വീതം.** **സ്കോർ (2 X 2 = 4)**

5) വിറ്റാമിൻ C അടങ്ങിയിട്ടുള്ള ഏതെങ്കിലും രണ്ട് പഴവർഗ്ഗങ്ങളുടെ പേരെഴുതുക.
6) ഇലക്ട്രിക്കൽ വയറിംഗിൽ വ്യത്യസ്ത നിറമുള്ള വയറുകൾ ഉപയോഗിക്കുന്നത് എന്തിനെ സൂചിപ്പിക്കുന്നു?
7) മണ്ണിലെ ജൈവവൈവിധ്യം നിലനിർത്താൻ ഉപയോഗിക്കുന്ന കൃഷിരീതിയും വളപ്രയോഗവും ഏത്?
8) തടികൊണ്ടുള്ള നിർമ്മാണ പ്രവർത്തനത്തിന് ഉപയോഗിക്കുന്ന രണ്ട് ഉപകരണങ്ങളുടെ പേര് എഴുതുക.

**9, 10 ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരം എഴുതുക. ശരിയുത്തരത്തിന് 3 സ്കോർ.**
**സ്കോർ (1 X 3 = 3)**

9) ചന്ദനത്തിരി നിർമ്മാണത്തിനാവശ്യമായ സാധന സാമഗ്രികളുടെ പേരെഴുതുക?
10) ഗ്രോബാഗിൽ പച്ചക്കറി കൃഷി ചെയ്യുന്ന വിധം വിവരിക്കുക.

**11 ,12 ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരം എഴുതുക. ശരിയുത്തരത്തിന് 4 സ്കോർ.**
**സ്കോർ (1 X 4 = 4)**

11) ടേബിൾക്ലോത്തിൽ വെജിറ്റബിൾ പ്രിന്റ് (സെന്റർ ഡിസൈൻ, ബോർഡർ ഡിസൈൻ) ചെയ്ത് മോടി പിടിപ്പിക്കുന്ന വിധം വിവരിക്കുക.
12) A4 പേപ്പർ ഉപയോഗിച്ച് ഓഫീസ് എൻവലപ് (ഓഫീസ് കവർ) നിർമ്മിച്ചതിന്റെ വർക്ക് ഡയറി എഴുതുക.